**നം.കെ.എസ്.എ.-കെ.ടി.എം.പി4/2031/2018** **തീയതി : 24.11.2018**

# <u>കോട്ടയം ജില്ലയിലെ കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

***(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)***

കോട്ടയം ജില്ലയിലെ കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.10.2017 മുതൽ 30.09.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 09.11.2018-ൽ നടന്ന ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 30.10.2018 മുതൽ 09.11.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സജി പി.ആർ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുനിത എം.എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രഞ്ജിത് എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ഉണ്ണികൃഷ്ണൻ എം. | ഓഡിറ്റർ |

## (ബി) <u>നിർവഹണാധികാരികൾ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി മേരിക്കുട്ടി തോമസ് | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി) | ശ്രീ.ശശിധരൻ നായർ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (വികസനകാര്യ സ്റ്റാന്റിങ് കമ്മിറ്റി) | ശ്രീമതി പൗളിൻ ടോമി | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ | ശ്രീ.തോമസ് പുളിക്കിയിൽ | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| (ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | | |
| ചെയർപേഴ്സൺ (ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീ.ശ്രീജാ ഹരിചന്ദ്രൻ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.റ്റി.എം.ആരിഫ് | 01.04.2017 മുതൽ 13.07.2017 വരെ |
| | ശ്രീ.സണ്ണി മാത്യു | 14.07.2017 മുതൽ 31.03.2018 വരെ |

(സി) <u>മറ്റ് നിർവഹണോദ്യോഗസ്ഥർ</u>

| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി സി.എസ്. ജ്യോതിലക്ഷ്മി | 01.04.2017 മുതൽ 15.06.2017 വരെ |
| | ശ്രീ റെജികുമാർ വി.എസ്. | 16.06.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി മീനു ചാക്കോ | 01.04.2017 മുതൽ 02.05.2017 വരെ |
| | ശ്രീമതി എലിസബത്ത് മാത്യു | 03.05.2017 മുതൽ 27.07.2017 വരെ |
| | ശ്രീമതി ഷീബാ തോമസ് | 28.07.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.അഭിജിത് തമ്പാൻ | 01.04.2017 മുതൽ 06.06 2017 വരെ |
| | ഡോ.സന്തോഷ് കെ.സി. | 07.06 2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | ഡോ.ശോഭശ്രീ എം.എസ്. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ – ഹോമിയോ | ഡോ.മിനികുമാരി പി. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | ഡോ.തുഷാര മാത്തുക്കുട്ടി | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.അനീഷ് ആർ. | 01.04.2017 മുതൽ 31.03.2018 വരെ |
| | ശ്രീ.അനീഷ് ലത്തീഫ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി മേരിക്കുട്ടി കെ.സി. | 01.04.2017 മുതൽ 31.05.2017 വരെ |
| | ശ്രീമതി വിസി ബി.ആർ. | 01.06.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി വി.എസ്.ചന്ദ്രാമ്മ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീമതി ബ്ലസ്സി ബേബി | 01.04.2017 മുതൽ 18.08.2017 വരെ |
| | ശ്രീമതി മിലിമോൾ ഫിലിപ്പ് | 19.08. 2017 മുതൽ 09.10.2017 വരെ |
| | ശ്രീമതി ബ്ലസ്സി ബേബി | 10.10.2017 മുതൽ 22.10.2017 വരെ |
| | ശ്രീ.നിബു കുര്യൻ | 23.10.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം | ശ്രീമതി ജൂലി പി. | 01.04.2017 മുതൽ |

| | | |
|---|---|---|
| ഇൻസ്ട്രക്ടർ | | 30.06 2017 വരെ |
| | ശ്രീമതി ജമിനി ജോൺ | 11.07.2017 മുതൽ 31.03.2018 വരെ |

## (ഡി) <u>ഉള്ളടക്കം</u>



| ഖണ്ഡിക നം. | വിഷയം |
|---|---|
| **ഭാഗം 1 -- പൊതു അവലോകനം** | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളുടെ അവലോകനം |
| 1-13 | വിറ്റുവരവ് കണക്കാക്കുന്നതിൽ അപാകതകൾ |
| **ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത |
| 2-2 | തൊഴിൽനികുതി ഈടാക്കിയില്ല |
| 2-3 | വാടകയിനത്തിൽ കുടിശ്ശിക-പഞ്ചായത്തിന് വരുമാനനഷ്ടം-തുടർനടപടികൾ സ്വീകരിക്കണം |
| 2-4-1 | വാടക തുക പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കണം |
| 2-4-2 | വാടക – ബൈലോ തയ്യാറാക്കിയിട്ടില്ല |
| 2-5 | ഡി&ഒ ലൈസൻസ് ഫീ-കുടിശ്ശിക തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കണം |
| **ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കിയത്-സർക്കാരിലേയ്ക്ക് അടവാക്കണം |
| 3-2 | സിംഗിൾ ടെണ്ടർ ലഭിച്ച പ്രവൃത്തികൾ റീ ടെണ്ടർ ചെയ്യാത്തത് സംബന്ധിച്ച് |
| 3-3 | എ.ബി.സി.പ്രോജക്ട് – തുക ചെലവഴിച്ചത് സംബന്ധിച്ച് വ്യക്തതയില്ല-52,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-4 | ആശ്രയപദ്ധതി |
| 3-5 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-6 | ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| 3-7 | കുഴിച്ചിറ-കൂരയ്ക്കനാൽ തോട് കയർഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മാണം-അപാകതകൾ സംബന്ധിച്ച് |
| **ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ |

| | |
|---|---|
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപം |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ട് |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 23.03.2017 തീയതിയിലെ I-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 1,07,89,088 | 55,17,797 | | 52,71,291 |
| വരവ് | 8,87,09,900 | 3,69,95,406 | | 5,17,14,494 |
| ആകെ | 9,94,98,988 | 4,25,13,203 | | 5,69,85,785 |
| ചെലവ് | 8,74,58,400 | 3,76,39,896 | | 4,98,18,504 |
| നീക്കിയിരിപ്പ് | 1,20,40,588 | 48,73,307 | | 71,67,281 |

ബജറ്റ് പ്രകാരമുള്ള വരവുചെലവ് കണക്കുകളും യഥാർഥ കണക്കുകളും തമ്മിൽ വളരെ വലിയ വ്യതിയാനം ഉള്ളതായി മേൽ പട്ടികയിലെ വിശകലനത്തിൽ നിന്നും വ്യക്തമാകുന്നു. പ്രതീക്ഷിത വരവുചെലവ് കണക്കുകൾ യഥാർഥ തുകകളുമായി വളരെയേറെ അന്തരം വന്നതിൽ നിന്നും മുൻവർഷ കണക്കുകളെ ആധാരമാക്കാതെയും ആവശ്യമായ മുന്നൊരുക്കം നടത്താതെയുമാണ് ബജറ്റ് തയ്യാറാക്കുന്നത് എന്നത് വ്യക്തമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന നടപടിക്രമങ്ങൾ ബജറ്റ് തയ്യാറാക്കുന്നതിൽ പാലിക്കുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ബജറ്റ് തയ്യാറാക്കുന്നതിൽ മേൽപറഞ്ഞ നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2018 ആണ്. കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രിക സമയപരിധിക്കുള്ളിൽ എയിംസ് സോഫ്റ്റ്വെയർ മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 14.05.18ലെ M-1755/18നം. കത്ത് പ്രകാരം 15.05.2018 തീയതിയിൽ തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 29.06.2018, 30.06.2018 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 29.06.18 ലെ കെ.എസ്.എ.-കെ.ടി.എം.പി4/11921/2018 പ്രകാരം

പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12 ൽ വിശദീകരിച്ചിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

2017-18 ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവുചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 55,17,797 |
| വരവ് | 3,69,95,406 |
| ആകെ | 4,25,13,203 |
| ചെലവ് | 3,76,39,896 |
| നീക്കിയിരിപ്പ് | 48,73,307 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 76,24,000 | 76,24,000 | 75,28,358 | 95,642 | 98.75 |
| വികസനഫണ്ട് എസ്.സി.പി. | 0 | 31,20,094 | 31,20,094 | 31,19,202 | 892 | 99.97 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1,52,938 | 1,52,938 | 1,26,771 | 26,167 | 82.89 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 60,54,000 | 60,54,000 | 43,67,229 | 16,86,771 | 72.14 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 25,91,000 | 25,91,000 | 20,21,880 | 5,69,120 | 78.03 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 35,80,539 | 35,80,539 | 29,27,787 | 6,52,752 | 81.77 |
| പെർഫോമൻസ് ഗ്രാന്റ്(KLGSDP) | 0 | 0 | 0 | 0 | 0 | 0 |
| ജനറൽ പർപ്പസ് ഫണ്ട് | 18,52,098 | 49,00,000 | 67,52,098 | 64,33,967 | 3,18,131 | 95.28 |
| സാക്ഷരത ഫണ്ട് | 7,730 | 306 | 8,036 | 0 | 8,036 | 0 |
| ദുരിതാശ്വാസ നിധി | 1,187 | 47 | 1,234 | 0 | 1,234 | 0 |
| MGNREGS | 4,823 | 87,90,631 | 87,95,454 | 87,93,173 | 2,281 | |
| ബി-ഫണ്ട് | 0 | 1,46,92,100 | 1,46,92,100 | 1,46,92,100 | 0 | 100 |
| തനത് ഫണ്ട് | 26,47,960 | 79,50,778 | 1,05,98,738 | 66,48,880 | 39,49,858 | 62.73 |
| ക്യാഷ്(തനത് ഫണ്ട്) | 0 | 0 | 0 | 0 | 0 | 0 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 0 | - | - | - | - | - |

## 1-6 പദ്ധതി അവലോകനം

2017-18 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 96 | 85 | 3 | 11 | 89 |

2017-18 വർഷം വിവിധ നിർവഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം, ലഭ്യമായ ഫണ്ടുകളുടെ വിനിയോഗവിവരം എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | അംഗീകാരം | നടപ്പിലാക്കിയവ | വകയിരുത്തിയ | ചെലവഴിച്ച | ചെലവ് |
|---|---|---|---|---|---|

| | ലഭിച്ചവ | | തുക | തുക | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 14,89,500 | 10,51,903 | 71 |
| വെറ്ററിനറി സർജൻ | 7 | 7 | 36,59,000 | 12,16,775 | 33 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി. | 1 | 1 | 4,50,000 | 4,50,000 | 100 |
| മെഡിക്കൽഓഫീസർ-ആയുർവേദം | 3 | 3 | 5,19,800 | 5,19,384 | 99 |
| മെഡിക്കൽഓഫീസർ-ഹോമിയോ | 2 | 2 | 1,91,200 | 1,91,200 | 100 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 13 | 10 | 60,67,432 | 40,35,682 | 67 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4 | 4 | 21,48,582 | 16,13,512 | 75 |
| സെക്രട്ടറി | 21 | 19 | 70,29,896 | 44,58,069 | 63 |
| അസിസ്റ്റന്റ് എൻജിനീയർ | 24 | 19 | 95,03,244 | 55,93,158 | 59 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 5,62,454 | 5,62,454 | 100 |
| ഹെഡ്മാസ്റ്റർ | 5 | 5 | 4,15,000 | 3,81,750 | 92 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 8 | 14,86,789 | 12,25,369 | 82 |

2017-18 വാർഷികപദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും കരട് വികസനരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ആദ്യ ഗ്രാമസഭകൾ 2017 ഏപ്രിൽ 7 മുതൽ 19 വരെ വിവിധ വാർഡുകളിൽ ചേർന്നു. വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് 11.4.17, 4.11.17എന്നീ തീയതികളിൽ ഊരുകൂട്ട യോഗങ്ങൾ ചേർന്നു. 2017-18 ലെ വാർഷിക പദ്ധതിക്ക് 22.1.18ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകി (തീരുമാനം നം.111). 9.5.2017 ൽ വികസന സെമിനാറും നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ 24.2.2018 ലെ 490/17/ഡി.പി.സി/ഡി.പി.ഓ/കോട്ടയം നമ്പർ ഉത്തരവുപ്രകാരം നിർവ്വഹണാംഗീകാരം ലഭിച്ചു. അഗീകാരം കിട്ടിയ 96 പ്രോജക്ടുകളിൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ ആകെ 85 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 3,35,22,897/- രൂപ വകയിരുത്തിയതിൽ 2,12,99,256/-രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

വാർഡ്, ഡിവിഷൻ അടിസ്ഥാനത്തിൽ ഫണ്ടു വീതംവെയ്ക്കുന്ന ഫലപ്രദമല്ലാത്ത വിഭവവിന്യാസത്തിലുപരിയായി പഞ്ചായത്തിനെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് പ്രോജക്ടുകൾ നടപ്പാക്കാൻ സാധിച്ചു എന്നത് എടുത്തുപറയത്തക്ക നേട്ടമാണ്. പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ എന്ന പദ്ധതി നടപ്പാക്കിക്കൊണ്ട് ഉൗർജ്ജ മേഖലയിൽ ഗ്രാമപഞ്ചായത്ത് വലിയ മുന്നേറ്റം നടത്തി. ഗാർഹിക ബയോഗ്യാസ് പ്ലാന്റ്, വെയിസ്റ്റ്ബിൻ സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ സാധിച്ചു.

മാലിന്യ സംസ്ക്കരണം-പ്ലാസ്റ്റിക് ശേഖരണം, ആശുപത്രി നവീകരണം തുടങ്ങിയ പദ്ധതികൾ ആവിഷ്ക്കരിച്ചെങ്കിലും നടപ്പാക്കുവാൻ സാധിച്ചില്ല.

**<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല</u>**

പദ്ധതി ആസൂത്രണത്തിനായി 12 വിഷയമേഖലകളിലായി 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഒാരോ വിഷയമേഖലയിലും സ്റ്റാറ്റസ് റിപ്പോർട്ടുകളുടെയും മുൻഗണനാക്രമത്തിന്റെയും അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേർന്ന് പദ്ധതിപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ലെന്ന് ഇവയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്ന് വ്യക്തമാണ്. വർക്കിംഗ് ഗ്രൂപ്പുകൾ എല്ലാം തന്നെ യോഗം കൂടിയിട്ടുണ്ടെങ്കിലും ആയതിന്റെ മിനിട്സ് മിക്ക വർക്കിംഗ് ഗ്രൂപ്പുകളും എഴുതി സൂക്ഷിക്കുന്നില്ല. ഹാജർ മാത്രം രേഖപ്പെടുത്തി കാണുന്നു. മിനിട്സ് എഴുതി കൺവീനറും ചെയർമാനും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി രൂപീകരണത്തിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വർക്കിംഗ് ഗ്രൂപ്പുകൾക്ക് സാധിച്ചിട്ടില്ല.

**<u>മോണിറ്ററിംഗ് ഫലപ്രദമല്ല</u>**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

**<u>സ്റ്റാൻ്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം</u>**
സ്റ്റാൻ്റിംഗ് കമ്മിറ്റി യോഗങ്ങളുടെ മിനിറ്റ്സ് എഴുതി സൂക്ഷിച്ചിട്ടുണ്ട്.

**<u>ധനകാര്യസ്റ്റാൻ്റിംഗ് കമ്മിറ്റി:</u>** പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിലും ചെലവുകൾ നിയന്ത്രിക്കുന്നതിലും ധനകാര്യസ്റ്റാൻ്റിംഗ് കമ്മിറ്റി ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കാൻ വിവിധ സ്റ്റാൻ്റിംഗ് കമ്മിറ്റികളുടെയും ജീവനക്കാരുടെയും ഭാഗത്തു നിന്ന് കൂട്ടായ ശ്രമം ഉണ്ടായിട്ടുണ്ട്.

**<u>വികസനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റി</u>**: വികസനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റിയുടെ പരിധിയിൽ വരുന്ന മരാമത്തു പ്രവൃത്തികൾക്കു വേണ്ടി ആവിഷ്കരിച്ച 24 പ്രോജക്ടുകളിൽ 19 എണ്ണം നടപ്പാക്കിയിട്ടുണ്ട്. വൈദ്യുതബോർഡ്, ജലഅതോറിറ്റി തുടങ്ങിയ നിർവ്വഹണഏജൻസികൾ മുഖേനയുള്ള നിക്ഷേപപ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്റ്റാൻ്റിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്. ചെലവഴിച്ച പണത്തിന് ആനുപാതികമായി പ്രയോജനം ലഭിച്ചിട്ടുണ്ടോ എന്നത് വിലയിരുത്തേണ്ടതുമാണ്.

**<u>ക്ഷേമകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റി:</u>** അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്രാധാന്യം നൽകിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിന് പ്രാധാന്യം നൽകി പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

**<u>ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻ്റിംഗ് കമ്മിറ്റി:</u>** പി.എച്ച്.സി., ഹോമിയോ/ആയുർവേദ ഡിസ്പെൻസറികൾ, എന്നിവയുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്രോജക്ടുകൾ ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിലും നടപ്പാക്കിയിട്ടില്ല. ആയുർവ്വേദ ഹോമിയോ ആശുപത്രികൾക്ക് മരുന്നു വാങ്ങി നല്കുവാൻ സാധിച്ചിട്ടുണ്ട്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 82,57,627 | 82,57,627 | 82,57,627 | 0 |
| കാഷ് | 4,823 | 5,33,004 | 5,37,827 | 5,35,546 | 2,281 |
| ആകെ | 4,823 | 87,90,631 | 87,95,454 | 87,93,173 | 2,281 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 11,400 | 19 |
| കർഷകതൊഴിലാളി പെൻഷൻ | 15,09,300 | 126 |
| വിധവാപെൻഷൻ | 37,00,600 | 315 |
| വാർദ്ധക്യകാലപെൻഷൻ | 82,17,100 | 640 |
| വികലാംഗപെൻഷൻ | 10,23,200 | 92 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 2,00,500 | 24 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 30,000 | 1 |

## 1-9 ക്യാഷ് പരിശോധന

കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റിന്റെ ഭാഗമായി, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.10.2018 തീയതിയിൽ 03:25 PM-ന് പഞ്ചായത്ത് ഫ്രണ്ട് ഓഫിസ് ക്യാഷ്യറുടെയും അകൗണ്ടന്റിന്റെയും സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 15,482/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് മാന്വൽ ഭാഗം I അനുബന്ധം(ബി)യിലെ ചോദ്യാവലി അടിസ്ഥാനമാക്കി കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന ആഭ്യന്തരനിയന്ത്രണ സംവിധാനം പഠനവിധേയമാക്കി. ഗ്രാമപഞ്ചായത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണസംവിധാനങ്ങൾ പൊതുവെ തൃപ്തികരമാണ്. പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിൽ ഉണ്ടാകാനിടയുള്ള ആപൽസാധ്യതകളെ വിലയിരുത്തി ഉചിതമായ പരിഹാരനിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വ്യക്തമായ ഓഫീസ് ഉത്തരവിലൂടെ ജീവനക്കാർക്ക് ജോലികൾ വിഭജിച്ച് നൽകിയിട്ടുണ്ട്. സാംഖ്യ സോഫ്റ്റ്‌വെയറിൽ അധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റത്തിലൂടെ സ്ഥാപനത്തിന്റെ സാമ്പത്തിക വിനിമയങ്ങളെ രേഖപ്പെടുത്തുന്നു. സിസ്റ്റം ജനറേറ്റ് ചെയ്യുന്ന വിവിധ റിപ്പോർട്ടുകളായ കാഷ്ബുക്ക്, ഡേബുക്ക്, ബാങ്ക്ബുക്ക് എന്നിവയുടെ പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ, വാർഷിക നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നുണ്ട്. സാംഖ്യ സ്റ്റേഷനറി, അച്ചടിച്ച രസീത് എന്നിവയ്ക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | | 9/18 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.01.2018 മുതൽ 18.01.2018 വരെ | 2012-13 മുതൽ 2016-17 വരെ | LBA(HQII)/BA2747/341 dtd 23.02.2018 |

## 1-12 വാർഷിക കണക്കുകളുടെ അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകൾ പരിശോധിച്ച്, 29.6.18ലെ കെ.എസ്.എ-കെ.ടി.എം.പി4/1192/2018 നമ്പർ കത്ത് പ്രകാരം വിശേഷണങ്ങളോടുകൂടിയ സാക്ഷ്യപത്രം പുറപ്പെടുവിച്ചിരുന്നു.
ഇനിയും പരിഹരിക്കാത്ത ന്യൂനതകൾ താഴെ ചേർക്കുന്നു.

1) വാർഷിക കണക്ക് അനുബന്ധമായി റേഷ്യോസ്, നോട്ട്സ് ഓൺ അക്കൗണ്ട് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2) വസ്തുനികുതിയിൽ വാർഷിക കണക്കുപ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3) തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

4) ജി.ഒ.(എം.എസ്.)152/2011/തസ്വഭവ/26.7.2011 പ്രകാരം ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ബി11 പ്രകാരമുള്ള ആസ്തികളുടെ മൂല്യം പരിശോധനാ വിധേയമാക്കിയിട്ടില്ല.

5) ബി5 ഷെഡ്യൂൾ പ്രകാരം കെ.യു.ആർ.ഡി.എഫ്.സി. ലോൺ ഇനത്തിൽ 16,66,966 രൂപ തിരിച്ചടയ്ക്കാൻ ശേഷിക്കുന്നു. ബി16 ഷെഡ്യൂളിൽ പ്രീ പെയ്ഡ് പ്രോഗ്രാം ചെലവ് ഇനത്തിലും ടി തുക ഉൾപ്പെടുത്തിയിരിക്കുന്നു. ടി ലോൺ തുക വിനിയോഗിച്ച് പഞ്ചായത്തിന് ആസ്തി സൃഷ്ടിച്ചിട്ടുള്ളതിനാൽ ടി തുക ബി16ൽ ഉൾപ്പെടുത്തേണ്ട ആവശ്യമില്ല.

## 1-13 വിറ്റുവരവ് കണക്കാക്കുന്നതിൽ അപാകതകൾ

വ്യാപാര സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് തുക ഈടാക്കുമ്പോൾ, ഒരു ദിവസത്തെ ശരാശരി വിറ്റുവരവ് തുക കണക്കാക്കുന്നതിൽ കൃത്യതയില്ലെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ആയതിനുള്ള ബന്ധപ്പെട്ട രേഖകളൊന്നും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. പരിശോധനയിൽ കണ്ടെത്തിയവയിൽ ചിലത് ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | വാർഡ് നം. | വ്യാപാരത്തിന്റെ സ്വഭാവം | ഒരു ദിവസത്തെ ശരാശരി വിറ്റുവരവ് തുക | അപാകത |
|---|---|---|---|---|
| ജെ.എം.ജെ സിമെന്റ് പ്രോഡക്ട് | XII | ടൈൽസ് ബ്രിക്സ് നിർമ്മാണം | 780/- | വളരെ കുറവ് |
| സെന്റ് തോമസ് ഹോളോ ബ്രിക്സ് | XII | സിമന്റ് ബ്രിക്സ് നിർമ്മാണം | 850/- | വളരെ കുറവ് |
| കീറ്റ്പ്ലാക്കൽ ടിംബേഴ്സ് & പാക്കേഴ്സ് | X | റബ്ബർ തടി സംഭരണം, സോമിൽ പായ്ക്കിങ്ങ് നിർമ്മാണം | 1,000/- | കുറവ് |
| സെന്റ് മൈക്കിൾസ് എന്റർപ്രൈസസ് | VI | റബ്ബർ ബാൻഡ്/ ഗ്ലൗസ് നിർമ്മാണം | 300/- | വളരെ കുറവ് |
| ഗായത്രി ഫാഷൻസ് | XI | ജൗളി വ്യാപാരം | 500/- | കുറവ് |

സ്ഥാപനത്തിന്റെ ഒരു ദിവസത്തെ ശരാശരി വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് തുക നിർണ്ണയിക്കുമ്പോൾ കൃത്യത പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകത

ഗ്രാമ പഞ്ചായത്തിന്റെ വാർഡ് നം. XII - ൽ (വയല) 247 മുതൽ 252 വരെ നമ്പർ അനുവദിച്ചു് നൽകിയിട്ടുള്ള, ആയുർവേദ ചികിത്സയും മറ്റനുബന്ധ സേവനങ്ങളും ലഭ്യമാക്കുന്ന 'വേദസുധ' എന്ന പേരിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് വസ്തുനികുതി നിർണ്ണയിച്ചു് നൽകിയതിൽ അപാകതയുണ്ടെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ടി സ്ഥാപനം 'ആശുപത്രി' എന്ന കെട്ടിട ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. സ്ഥാപനത്തിന്റെ വെബ്സൈറ്റ് (www.vedasudha.ch) സന്ദർശിച്ചു് വസ്തുതകൾ മനസ്സിലാക്കിയതിൽനിന്നും, പ്രാദേശികമായി അന്വേഷണം നടത്തിയതിൽ നിന്നും ടി സ്ഥാപനം, സാധാരണക്കാരായ പൊതുജനങ്ങൾ തങ്ങളുടെ ദൈനംദിന ചികിത്സാവശ്യങ്ങൾക്ക് ആശ്രയിക്കുന്ന ഒരു സ്ഥാപനമല്ലെന്ന് വ്യക്തമായിട്ടുണ്ട്. വിവിധ രാജ്യങ്ങളിൽ നിന്നും വിദേശികളടക്കം ധാരാളം ആളുകൾ ചികിത്സയ്ക്കായി ഇവിടെ എത്തുന്നു. അതായത്, ടി സ്ഥാപനം സാധാരണക്കാരായ പൊതുജനങ്ങൾക്ക് ചികിത്സയ്ക്കായി ആശ്രയിക്കാൻ സാധിക്കാത്തതും, എന്നാൽ സാമ്പത്തികവരേണ്യ വിഭാഗക്കാർക്ക് സുഗമമായി ചികിത്സക്ക് സമീപിക്കാവുന്ന ഒരിടവുമാണെന്നത് വസ്തുതയാണ്. ടി സ്ഥാപനത്തിൽ അഭ്യംഗം, മർമ്മചികിത്സ, പിഴിച്ചിൽ, കഢീവസ്തി, പൊടിക്കിഴി, ഇലക്കിഴി, ധാന്യാമ്ലധാര, ഉപനാഹസ്വേദം, പിചു, ശിരോവസ്തി, ശിരോധാര, തലപൊതിച്ചിൽ, കർണ്ണപൂരണം, നേത്രതർപ്പണം, മുഖലേപം, ഞവരക്കിഴി, നസ്യം, ഉദ്വർധനം തുടങ്ങിയ വിവിധ ആയുർവേദ ചികിത്സ സേവനങ്ങൾക്കൊപ്പം യോഗ പരിശീലനവും ലഭ്യമാണെന്ന് സ്ഥാപനത്തിന്റെ വെബ്സൈറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. ഒരു സാധാരണ ആശുപത്രി കെട്ടിടത്തിനെ അപേക്ഷിച്ചു്, തടിയാവരണങ്ങളോടുകൂടിയ മുറികൾ, പൂന്തോട്ടം, നടുമുറ്റം തുടങ്ങിയ എല്ലാ വിധത്തിലുള്ള ആഡംബര സ്വഭാവസവിശേഷതകളോടുകൂടിയ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളുമാണ് ഇവിടെ ലഭ്യമാക്കുന്നതെന്ന് സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ വിവരങ്ങൾ നൽകിയിട്ടുണ്ട്.

2013 - ലെ കേരള പഞ്ചായത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജ്) ഭേദഗതി ചട്ടങ്ങളിലെ 'ചട്ടം 4' പ്രകാരം ഓരോ ഗ്രാമ പഞ്ചായത്തും ഓരോ ഇനം കെട്ടിടത്തിനും

സർക്കാർ നിശ്ചയിച്ചിട്ടുള്ള പരിധിക്കുള്ളിലുള്ള ഒരു നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഈ അടിസ്ഥാന നികുതി നിരക്കനുസരിച്ചാണ് ഓരോ കെട്ടിടത്തിനും ബാധകമായ വസ്തു നികുതി നിർണ്ണയിക്കേണ്ടത്. ടി സ്ഥാപനത്തിന്റെ പ്രവർത്തന സ്വഭാവം അനുസരിച്ച് 'ആയുർവേദ സുഖചികിത്സ കേന്ദ്രങ്ങൾ' എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയാണ് വസ്തു നികുതി നിർണ്ണയിക്കേണ്ടത്. സ.ഉ (അ)നം. 36/ 2015/ ത.സ്വ.ഭ.വ തീയതി. 24.02.2015 (എസ്.ആർ.ഒ നം. 100/2015) പ്രകാരം, ആയുർവേദ സുഖ ചികിത്സാകേന്ദ്രങ്ങൾക്ക് 150/- രൂപ (കുറഞ്ഞത്), 160/- രൂപ (കൂടിയത്) എന്നീ നിരക്കുകളാധാരമാക്കി വസ്തു നികുതി ചുമത്തണമെന്ന് നിർദ്ദേശമുണ്ട്. പഞ്ചായത്ത് നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തിയ നിരക്കുകളിൽ, 'ആയുർവേദ സുഖചികിത്സ കേന്ദ്രങ്ങൾ' എന്ന ഗണം ഉൾപ്പെടുത്തിയതായി പരിശോധനയിൽ വ്യക്തമായിട്ടില്ല. അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.12/09.11.2018) നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല. ടി സ്ഥാപനത്തെ 'ആശുപത്രി' എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചത് അനുചിതമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ടി സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് ഗണം നിശ്ചയിച്ച്, നിരക്കുകൾ പ്രസിദ്ധപ്പെടുത്തി അർഹമായ വസ്തു നികുതി ഈടാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഇവിടെ ഉണ്ടായിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

**<u>തെറ്റായി നിർണ്ണയിച്ച വസ്തുനികുതി വിവരങ്ങൾ</u>**

| കെട്ടിട നം. | കെട്ടിട ഉടമസ്ഥൻ | കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം (ച. മീ) | ഉപയോഗക്രമം | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി നിരക്ക് (ച. മീ) | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി |
|---|---|---|---|---|---|
| 247/XII | ജോർജ്ജ് സാജൻ തെരുവേൽ കിടങ്ങൂർ പി.ഒ., കോട്ടയം | 204.7 | ആശുപത്രികൾ | 8 രൂപ | 1637.6 രൂപ |
| 248/XII | ജോർജ്ജ് സാജൻ തെരുവേൽ കിടങ്ങൂർ പി.ഒ., കോട്ടയം | 686.4 | ആശുപത്രികൾ | 8 രൂപ | 5491.2 രൂപ |
| 249/XII | ജോർജ്ജ് സാജൻ തെരുവേൽ കിടങ്ങൂർ പി.ഒ., കോട്ടയം | 105 | ആശുപത്രികൾ | 8 രൂപ | 840 രൂപ |
| 250/XII | ജോർജ്ജ് സാജൻ തെരുവേൽ കിടങ്ങൂർ പി.ഒ., കോട്ടയം | 95 | ആശുപത്രികൾ | 8 രൂപ | 760 രൂപ |
| 251/XII | ജോർജ്ജ് സാജൻ തെരുവേൽ കിടങ്ങൂർ പി.ഒ., കോട്ടയം | 74 | ആശുപത്രികൾ | 8 രൂപ | 592 രൂപ |
| 252/XII | ജോർജ്ജ് സാജൻ തെരുവേൽ | 64.6 | ആശുപത്രികൾ | 8 രൂപ | 516.8 രൂപ |

| | | | | | |
|---|---|---|---|---|---|
| | കിടങ്ങൂർ പി.ഒ., കോട്ടയം | | | | |
| | | | | **ആകെ** | **9,837.6 രൂപ** |

**<u>നിർണ്ണയിക്കേണ്ട വസ്തുനികുതി വിവരങ്ങൾ</u>**

| കെട്ടിട നം. | കെട്ടിട ഉടമസ്ഥൻ | കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം (ച. മീ) | ഉപയോഗക്രമം | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തുനികുതി നിരക്ക് (ച. മീ) | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തുനികുതി |
|---|---|---|---|---|---|
| 247/XII | ജോർജ്ജ് സാജൻ തെരുവേൽ കിടങ്ങൂർ പി.ഒ., കോട്ടയം | 204.7 | ആയുർവേദ സുഖചികിത്സ കേന്ദ്രങ്ങൾ | 160 രൂപ | 32752 രൂപ |
| 248/XII | ജോർജ്ജ് സാജൻ തെരുവേൽ കിടങ്ങൂർ പി.ഒ., കോട്ടയം | 686.4 | ആയുർവേദ സുഖചികിത്സ കേന്ദ്രങ്ങൾ | 160രൂപ | 109824 രൂപ |
| 249/XII | ജോർജ്ജ് സാജൻ തെരുവേൽ കിടങ്ങൂർ പി.ഒ., കോട്ടയം | 105 | ആയുർവേദ സുഖചികിത്സ കേന്ദ്രങ്ങൾ | 160 രൂപ | 16800 രൂപ |
| 250/XII | ജോർജ്ജ് സാജൻ തെരുവേൽ കിടങ്ങൂർ പി.ഒ., കോട്ടയം | 95 | ആയുർവേദ സുഖചികിത്സ കേന്ദ്രങ്ങൾ | 160 രൂപ | 15200 രൂപ |
| 251/XII | ജോർജ്ജ് സാജൻ തെരുവേൽ കിടങ്ങൂർ പി.ഒ., കോട്ടയം | 74 | ആയുർവേദ സുഖചികിത്സ കേന്ദ്രങ്ങൾ | 160 രൂപ | 11840 രൂപ |
| 252/XII | ജോർജ്ജ് സാജൻ തെരുവേൽ കിടങ്ങൂർ പി.ഒ., കോട്ടയം | 64.6 | ആയുർവേദ സുഖചികിത്സ കേന്ദ്രങ്ങൾ | 160 രൂപ | 10336 രൂപ |
| | | | | **ആകെ** | **1,96,752 രൂപ** |

ഫലപ്രദമായ ഇടപെടലുകളോട് കൂടി വിഷയം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് നിയമപരമായ വസ്തുനികുതി നിർണ്ണയം നടത്തുന്നതിന് ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയില്ല

2017-18 വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | വ്യാപാര സ്ഥാപനം നടത്തുന്നയാളുടെ പേരും വിലാസവും | വ്യാപാരത്തിന്റെ സ്വഭാവം | വാർഡ് നം. |
|---|---|---|---|
| 1. | തോമാച്ചൻ, വെടിക്കുന്നേൽ, കടപ്ലാമറ്റം | ടാക്സി ഹൗസ് | IV കടപ്ലാമറ്റം |
| 2. | ഫിലിപ്പ്, ചേന്നാട്ട്, കടപ്ലാമറ്റം | ടാക്സി ഹൗസ് | V ഇട്ടിയപ്പാറ |
| 3. | പ്രവീൺ പ്രഭാകർ, മേലു മൂത്തേടത്, വയല | ജൻ ഔഷധി | VIII മൂന്നുതോട് |
| 4. | മോഹൻ കുമാർ കെ.എൻ., അനു ഭവൻ, കടപ്ലാമറ്റം | ഹോട്ടൽ | VIII മൂന്ന്തോട് |
| 5. | ചന്ദ്രശേഖരൻ, വില്ലമ്പേൽ, വയല | ടിംബർ ബിസ്സിനസ്സ് | IX ഞരളപ്പുഴ |
| 6. | ഉണ്ണികൃഷ്ണൻ, പാടിമറ്റം, വയല | ഹോട്ടൽ | X എൽ.പി. സ്ക്കൂൾ വാർഡ് |
| 7. | കെ.എ.സെബാസ്ററ്യൻ, മൈലംതല കിഴക്കേതിൽ, മരങ്ങാട്ടുപിള്ളി | ഫർണ്ണീച്ചർ വ്യാപാരം | XI വയല |
| 8. | തങ്കച്ചൻ സെബാസ്റ്റ്യൻ, മൈലംതറ, വയല | സിമന്റ് വ്യാപാരം | XI വയല |
| 9. | സമീർ വി.എസ്., വടക്കേടം, വയല | ജൗളി വ്യാപാരം | XII വയല ടൗൺ |
| 10. | ടി.കെ.മോഹനൻ, തേക്കടയിൽ, നെല്ലിക്കുന്ന് | സ്റ്റേഷനറി, പലചരക്ക് | IX ഞരളപ്പുഴ |

**2) <u>ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല</u>**

ഡിപ്പോ മാനേജർ, സപ്പ്ലൈകോ താലൂക്ക് ഡിപ്പോയുടെ രണ്ടാം അർദ്ധ വർഷത്തിലുള്ള ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.03/02.11.2018), തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. തുക സ്വീകരിച്ച് രസീതുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 വാടകയിനത്തിൽ കുടിശ്ശിക-പഞ്ചായത്തിന് വരുമാനനഷ്ടം - തുടർനടപടികൾ സ്വീകരിക്കണം

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിങ്ങ് കോംപ്ലക്സ് കടമുറി നം. II കൈവശം വെച്ചിട്ടുള്ള ശ്രീ.ഷിബു ജോർജ്ജ്, പാറത്തൊട്ടിയിൽ എന്ന കുത്തകക്കാരൻ 2017-18 വർഷം, ഏപ്രിൽ മാസത്തിലെ വാടക മാത്രമാണ് അടവാക്കിയിട്ടുള്ളത്. ശേഷിക്കുന്ന 8,866/- രൂപ (806 X 11 മാസം) കുടിശിക നിലനിൽക്കുന്നു. ടിയാളുമായി 2017-18 വർഷം വാടക കരാർ ചമച്ചിട്ടില്ല. കരാർ ചമയ്ക്കാതെ കുത്തകാവകാശം അനുവദിച്ചു നൽകിയത് ചട്ടവിരുദ്ധമാണ്. അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.05/ 05.11.2018), വിഷയം സംബന്ധിച്ച് കുത്തകക്കാരന് അറിയിപ്പ് നല്കിയതാണെന്നും, എന്നാൽ ടി യാൾ കുടിശ്ശിക ഒടുക്കാൻ തയ്യാറാകാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നുമുള്ള മറുപടിയാണ് ലഭിച്ചത്. മൂന്ന് മാസത്തിലധികമായി വാടക ഒടുക്കാതെ, കുടിശ്ശിക വരുത്തിയ ടി കുത്തകക്കാരനെ ഒഴിപ്പിച്ച്, സെക്യൂരിറ്റി തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി പുനർലേല നടപടികൾ

സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുഖ്യ വരവിനങ്ങളിലൊന്നായ വാടക സമയബന്ധിതമായി ഈടാക്കുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്. നടപടി സ്വീകരിച്ചു വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 2-4-1 വാടക തുക പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കണം

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വയല ഷോപ്പിംഗ് കോംപ്ലക്സിന്റെ (പുതിയത്) IV നം. മുറിയിൽ പ്രവർത്തിച്ചു വരുന്ന കെ.എസ്.ഇ.ബി സബ് എൻജിനീയർ ഓഫീസിന്റെ വാടക, അനവധി വർഷങ്ങളായി പ്രതിമാസം 150 /- രൂപ പ്രകാരമാണ് ഈടാക്കുന്നത്. വാടകയ്ക്ക് മുറി അനുവദിച്ചു നൽകിയത് എന്ന് മുതൽക്കാണെന്നു സംബന്ധിച്ചിട്ടുള്ള രേഖകളോ, കരാർ ചമച്ച രേഖകളോ ലഭ്യമല്ല. വാടക തുക പുതുക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് നിരവധി കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. കെ.എസ്.ഇ.ബി വൈക്കം എക്സിക്യൂട്ടീവ് എൻജിനീയർ, GB/ Rent - Vayala / 2014 -15 / 575 dtd 09.07.2014 പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാടക കണക്കാക്കുന്നത്, ആ സമയത്തെ കെട്ടിടത്തിന്റെ വിലയും സ്ഥലത്തിന്റെ വിലയും അടിസ്ഥാനപ്പെടുത്തിയാണ്. കെട്ടിടത്തിന്റെ വില കണക്കാക്കുന്നത്, കെട്ടിടത്തിന്റെ പഴക്കത്തെ അടിസ്ഥാനപ്പെടുത്തി പി.ഡബ്ല്യു.ഡി റേറ്റ് കണക്കാക്കിയാണ്. ഭൂമി വില കണക്കാക്കുന്നത്, തഹസിൽദാർ/വില്ലേജ് ഓഫിസർ നൽകുന്ന ഭൂമി വില അടിസ്ഥാനപ്പെടുത്തിയാണ്. കെട്ടിട വിലയ്ക്ക് ഡിപ്രീസിയേഷൻ വരുന്നതിനാൽ ഇപ്പോഴുള്ള സ്ഥല വിലയും പരിഗണിച്ചു മാത്രമേ വാടക പുതുക്കി നിശ്ചയിക്കാൻ സാധിക്കുകയുള്ളുവെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇലയ്ക്കാട് വില്ലേജിൽ റീസർവ്വേ നം. 372 - ൽ ഉൾപ്പെട്ട പ്രസ്തുത ഭൂമിയുടെ വാല്യുവേഷൻ നടത്തി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന്, A7-2(A)/14 dtd 10.10.2014 പ്രകാരം പഞ്ചായത്ത് സെക്രട്ടറി, മീനച്ചിൽ തഹസിൽദാറോട് ആവശ്യപ്പെട്ടിരുന്നു. ലാൻഡ് വാല്യുസർട്ടിഫിക്കറ്റ് ലഭ്യമാകുന്നത് വരെ നിലവിലുള്ള പ്രതിമാസ വാടക തുകയായ 150 /- രൂപ ഒടുക്ക് വരുത്തുവാൻ പഞ്ചായത്ത് സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്.

അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.07/ 05.11.2018), വാടക തുക പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി സെക്രട്ടറി ലഭ്യമാക്കി. ടി വിഷയം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്ത്, വാടക തുക പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 2-4-2 വാടക-ബൈലോ തയ്യാറാക്കിയിട്ടില്ല

വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം, 2017-18 വർഷം പഞ്ചായത്തിന്റെ രണ്ട് ഷോപ്പിംഗ് കോംപ്ലക്സുകളിലുൾപ്പെടെ ആകെ 25 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. 2,58,739/- രൂപ തൻവർഷത്തെ വാടകയായി ലഭിച്ചിട്ടുണ്ട്. മുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള വ്യവസ്ഥകൾ, കുത്തകക്കാരിൽ നിന്നും സ്വീകരിക്കേണ്ട സെക്യൂരിറ്റി തുകയുടെ പരിധി തുടങ്ങിയ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള, ബൈലോ പഞ്ചായത്തിൽ നിലവിലില്ല. ബന്ധപ്പെട്ട വകുപ്പിന്റെയും ഭരണസമിതിയുടെയും അംഗീകാരത്തോടെ ബൈലോ തയ്യാറാക്കി, നിയമാനുസൃതമാക്കേണ്ടതാണ്. നടപടികൾ സ്വീകരിച്ചു വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 2-5 ഡി & ഒ ലൈസൻസ് ഫീ-കുടിശ്ശിക തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കണം

2017-18 വാർഷിക ധനകാര്യ പത്രിക B-15 ഷെഡ്യൂൾ പ്രകാരം, ഡി & ഒ ലൈസൻസ് ഫീസ് കുടിശ്ശികയിനത്തിൽ 1,83,561 /- രൂപ നിലനിൽക്കുന്നു. ഡി&ഒ ലൈസൻസ് ഇനത്തിൽ കുടിശ്ശിക നിലനിൽക്കുന്നത്, ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുൾപ്പെട്ട സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുവെന്ന വസ്തുതയാണ്. ആയത്, കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232(1)ന്റെ ലംഘനമാണ്. സ്ഥാപനത്തിന്റെ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും, കുടിശ്ശികവരുത്തിയ വ്യാപാര സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകി, കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്.

## <u>ഭാഗം -3</u>

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 3-1 കരാറുകാരന് അധികം നല്കിയ തുക തിരികെ ഈടാക്കിയത് - സർക്കാരിലേക്ക് അടവാക്കണം

| | |
|---|---|
| പ്രോജക്ട് നം. | 70/18 |
| പ്രോജക്ട് | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ |

| | |
|---|---|
| | റീവയറിംഗ് |
| അടങ്കൽ | 4,40,000 (13-ാം ധനകാര്യ കമ്മിഷൻ അവാർഡ്) |
| ചെലവ് | 4,39,909 |
| ബിൽ നമ്പർ | 34 /28.2.17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്ടിന് റീ ടെൻഡർ ക്ഷണിച്ചതിൽ ലഭ്യമായ 2 ടെൻഡറുകളിൽ കുറഞ്ഞ നിരക്കിലുള്ള (2.9%) ശ്രീ.സി.എൻ.ബാലകൃഷ്ണൻ എന്നയാളുടെ ടെൻഡർ 6.12.17-ലെ 1ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത്കമ്മിറ്റി അംഗീകരിക്കുകയും 13.12.17-ൽ കരാർവച്ച് പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തു. എന്നാൽ ടെൻഡർ വ്യതിയാനം പരിഗണിക്കാതെ ബിൽ തയ്യാറാക്കിയതു മൂലം കരാറുകാരന് തുക അധികം നല്കിയിട്ടുണ്ട്. അധികച്ചെലവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | നല്കിയ തുക | നൽകേണ്ട തുക |
|---|---|---|
| ആകെ വേലമൂല്യം | 4,22,986 | 4,22,986 |
| ടെൻഡർ വ്യതിയാനം (2.9% കുറവ്) | - | 12,267 |
| ടെൻഡർ വ്യതിയാനം കിഴിച്ചുള്ള തുക | - | 4,22,986 – 12,267 = 4,10,719 |
| സൂപ്പർവിഷൻ ചാർജ്ജ് (3%) | 12,692 | 12,692 |
| ചെക്ക് മെഷർമെന്റ് ചാർജ്ജ് (1%) | 4,231 | 4,231 |
| ആകെ | 4,39,909 | 4,27,642 |
| <u>നികുതി റിക്കവറികൾ</u><br>ആദായനികുതി 1%<br>KBOCWWF 1%<br>സൂപ്പർവിഷൻ ചാർജ്ജ് (3%)<br>ചെക്ക് മെഷർമെന്റ് ചാർജ്ജ് (1%) | 4230<br>4230<br>12692<br>4231 | 4230<br>4230<br>12692<br>4231 |
| കരാറുകാരന് അർഹമായ തുക | 4,39,909- 25,383 = 4,14,526 | 4,27,642 - 25,383 = 4,02,259 |
| അധികം നല്കിയ തുക | 12,267 | |

മേൽ അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയപ്പോൾ അധികം നല്കിയ 12,267 രൂപ 118010101975 / 9.11.18 നം. രസീത് പ്രകാരം തിരികെ തനതു ഫണ്ടിലേക്ക് അടവാക്കി. തനതു ഫണ്ടിൽ അവശേഷിക്കുന്ന ടി തുക സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 3-2 സിംഗിൾ ടെണ്ടർ ലഭിച്ച പ്രവൃത്തികൾ റീ ടെണ്ടർ ചെയ്യാത്തത് സംബന്ധിച്ച്

കടപ്ലാമറ്റം ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷം കരാറുകാർ വഴി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ ഇ- ടെണ്ടർ ക്ഷണിച്ചപ്പോൾ ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചിട്ടുള്ളത് എന്ന് ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

| പ്രോജക്ട് നം./പേര് | ടെണ്ടർ സമർപ്പിച്ച കരാറുകാർ | നിരക്ക് |
|---|---|---|
| 57/18, കമ്മ്യൂണിറ്റി ഹാൾ നവീകരണം കടപ്ലാമറ്റം, ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം | ജയൻ ഫിലിപ്പ്, മുടക്കാലിൽ പടിഞ്ഞാറ്റിൻകര | എസ്റ്റിമേറ്റ് നിരക്ക് |
| 72/18, എസ്.കെ.വി.യു.പി.എസ്., ഗവ. എൽ.പി.എസ് വയല ഈസ്റ്റ് മെയിന്റനൻസ് | ജയൻ ഫിലിപ്പ്, മുടക്കാലിൽ പടിഞ്ഞാറ്റിൻകര | എസ്റ്റിമേറ്റ് നിരക്ക് |

സിംഗിൾ ടെണ്ടർ ലഭിച്ച സംഗതികളിൽ റീ ടെണ്ടർ ചെയ്തതായി കാണുന്നില്ല. ആയത് ക്രമപ്രകാരമല്ല. റീ ടെണ്ടർ ചെയ്യാതിരുന്നത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ആവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ഒറിജിനൽ ടെണ്ടറിൽ ടെണ്ടറുകൾ ഒന്നും ലഭിക്കാതിരുന്നത് ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്താൻ വിട്ടുപേയതാണ് എന്ന് അറിയിച്ചു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 എ.ബി.സി പ്രോജക്ട്-തുക ചെലവഴിച്ചത് സംബന്ധിച്ച് വ്യക്തതയില്ല-52,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | എസ് 93/17-18 |
| പ്രോജക്ട് | എ.ബി.സി പ്രോജക്ട് |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 52,000 |
| ചെലവ് | 52,000(ചെക്ക് നം.6818727/22.3.18) |

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ എ.ബി.സി പ്രോജക്ടിനായി 52,000/- രൂപ കുടുംബശ്രീ ജില്ലാ മിഷന് തനതുഫണ്ടിൽ നിന്നും കൈമാറിയിട്ടുണ്ട്. ജില്ലാ കളക്ടറുടെ 17.07.17 ലെ നം.1084/2017/കെ.എസ്-കെ.ടി.എം കത്ത് പ്രകാരം കോട്ടയം ജില്ലാ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷം നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി നടപ്പിലാക്കുന്നതിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒരു മോണിറ്ററിംഗ് സമിതി രൂപീകരിക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. 52,000/- രൂപ തനത് ഫണ്ടിൽ നിന്നും കുടുംബശ്രീ ജില്ലാ മിഷന് നൽകിയിട്ടുണ്ടെങ്കിലും പദ്ധതിയുടെ നടത്തിപ്പിനായി പഞ്ചായത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമല്ല. പദ്ധതിയുടെ നടത്തിപ്പിനായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് ബഹു.ജില്ലാ കളക്ടറുടെ ഉത്തരവിൽ പറയുന്നുണ്ട്. കുടുംബശ്രീ ജില്ലാ മിഷന് 52,000/- രൂപ പദ്ധതി നടത്തിപ്പിനായി നൽകുവാനുണ്ടായ സാഹചര്യവും നായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായി കുടുബശ്രീ മിഷൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ചും അവ്യക്തത നിലനിൽക്കുന്നു. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 52,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 ആശ്രയ പദ്ധതി

ആശ്രയപദ്ധതി ഒന്നും രണ്ടും ഘട്ടം ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ടായിരുന്നു. രണ്ടു ഘട്ടങ്ങളുടെയും കാലയളവ് നിലവിൽ അവസാനിച്ചതിനാൽ ഇതിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് നിലവിൽ സേവനങ്ങൾ ഒന്നും നൽകുന്നില്ല. സർവ്വേ നടത്തി ഏറ്റവും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി പുതുക്കിയ പ്രോജക്ട് തയ്യാറാക്കി സർക്കാർ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.
ആകെ 65 ഗുണഭോക്താക്കളുണ്ടായിരുന്ന ആശ്രയപദ്ധതിയുടെ ഒന്നാം ഘട്ടം 2005 മുതൽ 2016 വരെയായിരുന്നു. 10.9.18 ൽ ഒന്നാം ഘട്ടപദ്ധതിയ്ക്കായുള്ള ബാങ്ക് അക്കൗണ്ടിൽ 3,23,492 രൂപ വികസന ഫണ്ട് വിഹിതവും 12,61,091 രൂപ ചലഞ്ച് ഫണ്ടും ഉൾപ്പെടെ ആകെ 15,84,583 രൂപ (പലിശയുൾപ്പെടെ)അവശേഷിക്കുന്നുണ്ട്.

ആകെ 65 ഗുണഭോക്താക്കളുണ്ടായിരുന്ന ആശ്രയപദ്ധതിയുടെ രണ്ടാം ഘട്ടം 2016 മുതൽ 18 വരെയായിരുന്നു. രണ്ടാം ഘട്ടത്തിനായുള്ള ബാങ്ക് അക്കൗണ്ടിൽ ആകെ 1,27,483 രൂപ 10.9.18 ൽ അവശേഷിക്കുന്നുണ്ട്.

രണ്ട് പദ്ധതികൾക്കായി ലഭിച്ച തുകയിൽ 16,65,638 രൂപ അവശേഷിക്കെ നിലവിൽ യാതൊരു സേവനങ്ങളും ടി ഗുണഭോക്താക്കൾക്ക് നല്കുന്നില്ല. രണ്ടു ഘട്ടത്തിലെയും ഗുണഭോക്താക്കളെ ഉൾപ്പെടുത്തി തയ്യാറാക്കിയ പുതിയ പ്രോജക്ട് പ്രകാരം നിർദ്ധനരായ ഗുണഭോക്താക്കൾക്ക് മുടക്കം കൂടാതെ തുടർച്ചയായി സേവനം ലഭ്യമാക്കുവാൻ ശ്രദ്ധിയ്ക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 3-5 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | എസ്.0016/17 |
| പ്രോജക്ട് | പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി(വനിത) |
| അടങ്കൽ | 26,00,000 |

| | |
|---|---|
| ചെലവ് | 5,93,750 |

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ടി പദ്ധതിക്കുവേണ്ടി അസിസ്റ്റൻറ് ഡയറക്ടർ കാഫ് ഫീഡ് പ്രോഗ്രാമിന്റെ പേരിൽ 5,93,750/- രൂപ ബിൽ നം. 01/17/18 തീയതി 13.11.17 പ്രകാരം നൽകിയിട്ടുണ്ട്. ടി പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രോജക്ടിനായുള്ള 5,93,750/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷത്തെ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആക്ഷൻപ്ലാനും ലേബർ ബജറ്റും പ്രകാരം 429 പ്രോജക്ടുകൾക്കായി ആകെ 1,44,36,000 രൂപ അടങ്കൽ വകയിരുത്തിയിരുന്നു. ലേബർ ബജറ്റ് പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ 36,090 ആയിരുന്നു. തൻവർഷം 71 പ്രോജക്ടുകൾ നടപ്പാക്കി. നടപ്പിലാക്കിയ പ്രവൃത്തികളും ചെലവ് വിവരവും താഴെ ചേർക്കുന്നു.

| പ്രവൃത്തി വിവരം | എണ്ണം | ചെലവ് തുക |
|---|---|---|
| തോടുകൾ ആഴം കൂട്ടി തടയണ നിർമ്മാണം | 7 | 4,23,380 |
| PMAY ഭവന നിർമ്മാണം | 14 | 3,40,428 |
| നേഴ്സറി നിർമ്മാണം | 1 | 89,516 |
| ജലസംരക്ഷണം | 48 | 73,39,864 |
| റോഡ് | 1 | 64,439 |
| ആകെ | 71 | 82,57,627 |

## 3-7 കുഴിച്ചിറ- കൂരയ്ക്കനാൽ തോട് കയർഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മാണം-അപാകതകൾ സംബന്ധിച്ച്

കടപ്ലാമറ്റം ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കിയതാണ് മേൽ പ്രവൃത്തി. പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനം 6 പ്രകാരം 924 m2 കയർ ഭൂവസ്ത്രം സപ്ലൈ ചെയ്യുകയും ഇനം 7 പ്രകാരം 840 m2 കയർ ഭൂവസ്ത്രം സ്ഥാപിയ്ക്കുന്നതിനുള്ള ലേബർ ചാർജുമാണ്. എം ബുക്ക് നം.63/17-18 പേജ് 11,12 ൽ അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത് കയർ ഭൂവസ്ത്രം 924m2 സ്ഥാപിച്ചതായും 298.2 m2 സ്ഥാപിയ്ക്കുന്നതിനുള്ള കൂലിയായും ആണ്. എം ബുക്ക് പേജ് 14 മുതൽ 20 വരെ ബിൽ തയ്യാറാക്കിയിരിയ്ക്കുന്നതിൽ ഇനം 6 ന് 924 m2 ന് 65 രൂപ നിരക്കിൽ 60,060 രൂപയും ഇനം 7 ന് 298.2 m2 ന് 17.03 രൂപ നിരക്കിൽ 5,078 രൂപയും മൂല്യം കണക്കാക്കിയിട്ടുണ്ട്. അതായത് 625.8 m2 കയർ ഭൂവസ്ത്രം സ്ഥാപിയ്ക്കാതെ അവശേഷിക്കുന്നതായി കാണുന്നു. ആയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ മസ്റ്റർറോൾ പ്രകാരമുള്ള തൊഴിൽദിനങ്ങളിൽ ലേബർചാർജ് പരിമിതപ്പെടുത്തിയതിനാലാണ് ഇപ്രകാരം സംഭവിച്ചത് എന്നാണ്. യഥാർഥത്തിൽ ചെയ്ത പ്രവൃത്തി എം ബുക്കിൽ രേഖപ്പെടുത്താത്തത് ശരിയായ നടപടിയല്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

പഞ്ചായത്തിന് 2017-18 വർഷം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിന്റെ വിശദാംശവും 31.03.2018 വരെയുള്ള ഫണ്ട് വിനിയോഗവും ചുവടെ ചേർത്തിരിക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | തുക(രൂപ) | പ്രോജക്ടിന്റെ പേര്/പ്രോജക്ട് നം. | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 18.01.2018 | 2,50,000 | ക്ഷീരകർഷകർക്ക് കാലിത്തീറ്റ ഇൻസെന്റീവ് | 2,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 21.12.2017 | 1,27,500 | നെൽകൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് | 1,27,500 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 14.12.2017 | 50,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 50,000 | 0 |
| ജില്ലാ പഞ്ചായത്ത് | 28.10.2017 | 1,77,500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,77,500 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | നൽകിയ തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| KSEB, കുറവിലങ്ങാട് | 2,27,573 | സ്ട്രീറ്റ്ലൈൻ വലിയ്ക്കൽ | 0 | 2,27,573 |
| KSEB, കിടങ്ങൂർ | 1,96,427<br>3,503 | സ്ട്രീറ്റ്ലൈൻ വലിയ്ക്കൽ | 0 | 1,96,427<br>3,503 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.അർ.ഡി.എഫ്.സി ലോൺ | 2987/എ3/90/ ആർ.ഡി.ബി | 41,14,770 | 26,99,245 | 10,32,279 | 41,860 | 16,66,966 |

## 4-5 സ്ഥിര നിക്ഷേപം

സ്ഥിരനിക്ഷപം ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം 1,56,430 രൂപ വരവുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഒടുക്കിയ തുക | ഒടുക്കിയ ആൾ/ സ്ഥാപനം | രസീത് നം./ തീയതി |
|---|---|---|---|---|
| 2016-17 | 2-2-2 Sl No.3 | 1,01,600 | വോഡഫോൺ എസ്സർ ലിമിറ്റഡ് | 117010500041 19.03.18 |
| 2016-17 | 2-2-2 | 28,010 | വോഡഫോൺ | 117010500044 |

| | | | | |
|---|---|---|---|---|
| | Sl No.VI(3) | | എസ്സർ ലിമിറ്റഡ് | 29.03.18 |
| 2016-17 | 2-4<br>Sl No.2 | 3,300 | സതീഷ് അഗസ്റ്റിൻ, പാണ്ടംപടത്തിൽ, വയല | 117010102327, 117010102329, 05.12.17 |
| 2016-17 | Sl No.3 | 3,600 | ബെന്നി കെ.ജെ., അൽഫോ ക്രഷർ ഇൻഡസ്ട്രീസ് | 117010102229 29.11.17 |
| 2016-17 | Sl No.6 | 12,900 | മാത്യു ജോസഫ്, ചേന്നാട്ട് ട്രേഡിംഗ് ടൂൾസ്, കടപ്ലാമറ്റം | 117010102296 04.12.17 |
| 2016-17 | Sl No.7 | 4,500 | ജോസ് എം.ജെ., ഓംശ്രീ സിദ്ധാശ്രമം, വയലാ | 117010102248 30.11.17 |
| 2016-17 | Sl No.9 | 600 | കടപ്ലാമറ്റം ക്ഷീരോത്പാദക സഹകരണ സംഘം | 117010102974, 117010102975, 20.01.18 |
| 2016-17 | Sl No.11 | 960 | റ്റി.വി.ജോസഫ്, റോയൽ ഹോം ഇൻഡസ്ട്രീസ്, വയല | 117010102594 |
| 2016-17 | Sl No.14 | 480 | അനിൽകുമാർ എ.ആർ.എസ്.എൻ. എഞ്ചിനീയറിംഗ് വർക്ക്സ് | 117010102398, 117010102399, 08.12.17 |
| 2016-17 | Sl No.15 | 480 | അഖിൽ ജോസ് സൺ ഫോം ഇൻഡസ്ട്രീസ്, കൊശപ്പള്ളി | 117010102596/20.12.17 |
| **ആകെ** | | **1,56,430** | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) <u>സംക്ഷിപ്ത വിവരം</u>**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 4,25,13,203 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,76,39,896 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 8,866 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 6,45,750 |

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | |
|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ |
| 2-3 | 2,418 | ശ്രീ.റ്റി.എം.ആരിഫ്, സെക്രട്ടറി |
| | 6,448 | ശ്രീ.സണ്ണി മാത്യു, സെക്രട്ടറി |

| | | |
|---|---|---|
| ആകെ | 8,866 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 52000 | ഡോ.സന്തോഷ് കെ.സി., വെറ്ററിനറി സർജൻ |
| 3-5 | 5,93,750 | ഡോ.സന്തോഷ് കെ.സി., വെറ്ററിനറി സർജൻ |
| ആകെ | 6,45,750 | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

2-1, 2-2

(ഇ) **റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.റ്റി.എം.ആരിഫ്, സെക്രട്ടറി | | തടവനാൽ, ഈരാറ്റുപേട്ട പി.ഒ., ഈരാറ്റുപേട്ട |
| ശ്രീ.സണ്ണി മാത്യു, സെക്രട്ടറി | സെക്രട്ടറി, കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത് | നാലുമാക്കിയിൽ, ഇലയ്ക്കാട്, വയലാ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01,2001-02 ചെലവ് | എൽ.എഫ്.കെ.പി.4/അദ൦18/212(1)/18/3.2.18 | 3 |
| 2009-10 | എൽ.എഫ്.കെ.പി.4/അദ൦18/212(3)/18/3.2.18 | 3 |
| 2010-11 | എൽ.എഫ്.കെ.പി.4/ അദ൦18/212(4)/18/3.2.18 | 1 |
| 2011-12 | എൽ.എഫ്.കെ.പി.4/അദ൦18/212(5)/18/3.2.18 | 1 |
| 2012-13 | എൽ.എഫ്.കെ.പി.4/249/15/18.4.15 | 19 |
| 2013-14, 2014-15 | നം.കെ.എസ്.എ-കെ.ടി.എം.പി.4/420/16/21.2.17 | 8 |
| 2015-16 | നം.കെ.എസ്.എ-കെ.ടി.എം.പി.4/1327/17/29.11.17 | 4 |
| 2016-17 | നം.കെ.എസ്.എ-കെ.ടി.എം.പി.4/1520/17/14.10.17 | 13 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

<u>അനുബന്ധം 1</u>
<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

**നം.കെ.എസ്.എ-കെ.ടി.എം.പി4/2031/2018** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

**ഫോൺ: 04812564886**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**തീയതി: 24.11.2018**

1994 ലെ കേരള ലോക്കൽ ഫണ്ട് ഒാഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഒാഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഒാഡിറ്റർ ജനറൽ നിർദേശിച്ച ഒാഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2017-18** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ** വാർഷിക ധനനകാര്യപത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215-)ാം വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**